**ആസ്ഥാനകാര്യാലയം,**
**ജയിൽ വകുപ്പ്, കേരളം**
**പൂജപ്പുര, തിരുവനന്തപുരം**

0471-2342532 keralaprisons@gov.in

---

**നടപടികൾ**

വിഷയം : ജയിലുകൾ – ആസ്ഥാനകാര്യാലയം- ജീവനക്കാര്യം – ശ്രീ. വിഷ്ണു കെ. കെ. – ജയിലാസ്ഥാനകാര്യാലയത്തിൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, എറണാകുളം ജില്ലാ ഓഫീസറുടെ 02.09.2026 തീയതിയിലെ E5-02/04/2023-KPSC-DOEKM-(11) നമ്പർ നിയമന ശിപാർശ.

2) ഈ കാര്യാലയത്തിലെ 01.10.2026 തീയതിയിലെ KPCS/5188/2026-E1 നമ്പർ നിയമന ഉത്തരവ്.

3) ശ്രീ. വിഷ്ണു കെ. കെ. 06.10.2026 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ: KPCS/5188/2026-E1; തീയതി: 07-10-2026**

---

പരാമർശം (1) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, എറണാകുളം ജില്ലാ ഓഫീസിൽ നിന്നും ശ്രീ. വിഷ്ണു കെ. കെ.യെ ജയിലാസ്ഥാനകാര്യാലയത്തിലെ ക്ലർക്ക് തസ്തികയിൽ നിയമിക്കുന്നതിനുള്ള നിയമന ശിപാർശ ലഭിക്കുകയും, പരാമർശം (2) പ്രകാരം ജയിലാസ്ഥാനകാര്യാലയത്തിലെ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് ടിയാന് നിയമന ഉത്തരവ് നൽകുകയും ചെയ്തിരുന്നു.

2. പരാമർശം (3) പ്രകാരം ശ്രീ. വിഷ്ണു കെ. കെ. 06.10.2026 തീയതി പൂർവ്വാഹ്നം പ്രാബല്യത്തിൽ ജയിലാസ്ഥാനകാര്യാലയത്തിൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി അസൽ പ്രമാണങ്ങളുമായി ഹാജരായിരുന്നു. നിയമന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെ 06.10.2026 പൂർവ്വാഹ്നം മുതൽ ജയിലാസ്ഥാനകാര്യാലയത്തിൽ ക്ലർക്ക്

തസ്തികയിൽ **26500-60700** രൂപ ശമ്പള സ്കെയിലിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

**3.** കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, **1958**-ലെ റൂൾ **3(c)**, **9(a)**, **10(b)** എന്നീ റൂളുകൾക്ക് വിധേയമായി ടി ഉദ്യോഗസ്ഥന്റെ നിയമനം തികച്ചും താൽക്കാലികമായിരിക്കും. ടിയാന്റെ പ്രൊബേഷൻ കാലയളവ് **06.10.2026** പൂർവ്വാഹ്നം മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷമാണ്.

**Preethy C S**

**ADMINISTRATIVE OFFICER**

സ്വീകർത്താവ്: ശ്രീ. വിഷ്ണു കെ. കെ.
ക്ലർക്ക്,
ജയിലാസ്ഥാനകാര്യാലയം,
പൂജപ്പുര,

Digitally signed by
Krishnaja K
Date: 07-10-2026
12:14:32

പകർപ്പ്: **1)** ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ഓഫീസ്, എറണാകുളം.
**2)** എല്ലാ ഓഫീസർമാർക്കും / സെക്ഷൻ സൂപ്രണ്ടുമാർക്കും
**3) A1 Seat / S.B.**